അഴലിൽ

By

. എസ്സ്. മുട്ടത്തുപാടം.

T61
M99

XK57

അഴലിൽ

അഥവാ

ഹാംലററ്

T 61
M 99

ഗ്രന്ഥകർത്താ:

സി. എസ്സ്. മുട്ടത്തുപാടം

...ARAM COLLEGE LIBRARY, BANGALORE.
4202

വില 8 ണ.

ഗ്രന്ഥകർത്താവിന്റെ മുദ്രയില്ലാത്ത പ്രതി വ്യാജനിർമ്മിതം.

സെൻറ് ജോസഫ് സ് പ്രസ്സ്, മാന്നാനം,
1–ാം പതിപ്പ് കാപ്പി 1000

സമപ്പ്ണം

വന്ദ്യഗുരുഭൂതനായ

കോട്ടയം രൂപതയുടെ സഹായമെത്രാൻ

റൈററ് റവ. ഡോക്ടർ തോമസ്

തറയിൽ തിരുമേനി

M. A., Ph. D., D. D.

അവർകളുടെ

പാദാരവിന്ദങ്ങളിൽ

വിനീതശിഷ്യൻ

സഹൃദയസമക്ഷം

ആംഗലഭാഷാസാഹിത്യാന്തരീക്ഷത്തിൽ പൊൻ കതിർവീശിനിന്ന ഒരു വെള്ളിനക്ഷത്രം ആയിരുന്ന ഈ കവിതക്കു വിഷയമായ ഹാംലററ്. ആംഗളിയുടെ കണ്ഠഹാരം കൈരളിയുടെ രത്നഹാരമായി മാററിയപ്പോൾ നിറപ്പകിട്ടും മാററും കുറഞ്ഞുപോയെങ്കിൽ ഈ പൊൻപണിക്കാരൻെറ നിമ്മാണചതുരതയെ അപലപിച്ചുകൊണ്ടാൽമതി. ധാടിയും മോടിയും ആകാരസുഷമയുമെല്ലാമത്രവണ്ണം പകർത്താൻ കഴിവതും ശ്രമിച്ചുനോക്കിയിട്ടുണ്ട്. ഉരുക്കിപ്പണിയുമ്പോൾ വർണ്ണവും മാററും തനിത്തങ്കത്തിൻെറതിൽനിന്നും കുറഞ്ഞുപോകയാണ് സാധാരണപതിവ്. വെണ്മയുള്ള സ്ഫടികശലാകയിൽ നോക്കി കതിരവൻെറ സകല നിറങ്ങളുടെയും സൌകുമാര്യം ദശിച്ച് നയനസുഖം അനുഭവിച്ചിട്ടുള്ളവക്ക് ആ വണ്ണവൈചിത്ര്യംതന്നെ ചിത്രീകരിക്കാൻ ശ്രമിച്ച ഈ കൈരളീഭക്തൻെറ പരിശ്രമം ഒരു പക്ഷേ സാഹസമായി തോന്നിയേക്കാം. എന്നാൽ ആ കണ്മയക്കം കണ്ണാടിയിൽനോക്കി ആ അഴക് കണ്ടിട്ടില്ലാത്തവക്ക് ഈ പകർപ്പ് രസകരമായിത്തീൎന്നുവെന്നുംവരാം. ആല്യന്തം ഉള്ള അഴലിൻെറ ദുരവഗാഹിത്വംകൊണ്ടുതന്നെയാണ് അഴലിൽ എന്ന നാമധേയംകൂടി ചെയ്യാൻ കാരണം. സഹൃദയലോകത്തിനു തെല്ലെങ്കിലും രസാനുഭൂതി ഇതു വായിച്ചിട്ടുണ്ടാകുന്നുവെങ്കിൽ ഞാൻ കൃതാൎത്ഥനായിക്കൊള്ളാം.

പെരിങ്ങുളം
പൂഞ്ഞാർ A. O.

വിധേയൻ
സി. എസ്. മുട്ടത്തുപാടം.

കവനാലയം
15- 7- 1121

കൈരളിക്കൊരുകത്ത്

കൈരളി, കണ്മണി,

കതിരിൻെറ നിറവിൽ, വെളിവിൻെറ വെണ്മയിൽ, ധർമ്മത്തിൻെറ നിർമ്മലതയിൽ, സത്യത്തിൻെറ നിത്യതയിൽ, ശുദ്ധതയുടെ മുഗ്ദ്ധതയിൽ, വഴിയുന്ന അഴകിൽനിൻെറ പുഞ്ചിരിപ്പാല്ക്കുളി ഞാൻ എത്ര കണ്ടാനന്ദിച്ചിട്ടുണ്ട്. നിദ്രയുടെ വിശാലവക്ഷസ്സിൽ സ്വപ്നസ്തന്യരസം നുകൎന്നു കിടന്നപ്പോൾ;— പൂന്തിങ്കളിൻെറ പുഞ്ചിരിച്ചന്ദ്രികയെ തലോടിയപ്പോൾ;— വെണ്മേഘച്ചാർത്തുകൊണ്ടു മൂടി പുലർകാലാനിലൻെറ കുളിരലകൾ ഇക്കിളിയിട്ടപ്പോൾ,— പച്ചപ്പുരവതാനി വിരിച്ച പ്രകൃതിയുടെ മാർവ്വിൽ താരാട്ടുപാടി ഉറങ്ങിയപ്പോൾ,— എന്തിന്? സന്ധ്യാരാഗസിന്ദൂരംകൊണ്ടു തിലകംതൊട്ട്, വാർമഴവില്ലുകൊണ്ടുള്ളകാഞ്ചിയിട്ട്, മുകിൽ മാലയാകുന്ന കേശജാലമൊതുക്കി, താരാജാലങ്ങളാകുന്ന രത്നങ്ങൾ പതിച്ച സാരി ചുററി, പൈങ്കിളിക്കൊഞ്ചലിന്നൊത്തു് ഗാനമാധുരി തൂകി, ഹരിണീനയനങ്ങൾകൊത്തു് കടാക്ഷങ്ങൾ പാകി, വന്ന നിൻെറ, കണ്ണും കരളും കവരുന്ന ആനന്ദമത്തം ഭാസുരവും വികസ്വരവും ആയ ഭാവനയിൽക്കൂടി ആസ്വദിച്ചപ്പോൾ— ഉണ്ടായ അതിരുകവിഞ്ഞ ഏതോല്ലാസത്തിൻെറ ഫലമായി രൂപമെടുത്ത ഈ മല്ലികപ്പൂമാല അണിയുവാൻ കനിയുമോ?

എന്ന്

സ്വ ——

സി. എസ്. മുട്ടത്തുപാടം.

കഥാപാത്രങ്ങൾ

(1) ഹാംലററ്	ഡന്മാക്കരാജ്യം ഭരിച്ചിരുന്ന രാജാവു്.
(2) ഹാലററുരാജകുമാരൻ	വധിക്കപ്പെട്ടഹാംലററുരാജാവിന്റെ പുത്രൻ.
(3) ക്ലോഡിയസ്സ്.	ഹാംലററ് രാജാവിന്റെ സഹോദരൻ—ഘാതകൻ.
(4) ഗേർട്ടൂഡ്	ഹാംലററുരാജാവിന്റെ ഭാര്യ ആയിരുന്നവൾ. വീണ്ടുംക്ലോഡിയസീന്റെ ഭാര്യ.
(5) ഹെറേഷ്യോ	ഹാംലററുരാജകുമാരന്റെഒരു ഉററ മിത്രം.
(6) മാർസിലസ്	ടി.
(7) ഭൂതം	മരിച്ച ഹാംലററ് രാജാവിന്റെ ഭൂതം.
(8) ഒഫീലിയ	ഹാംലററു രാജകുമാരന്റെ പ്രണയപാത്രം. മന്ത്രി പോളിനിയസ്സിന്റെ പുത്രി.
(9) പോളിനിയസ്സ്	ക്ലോഡിയസ്സിന്റെ മന്ത്രി.
(10) ലിയാർട്ട്സ്	ഒഫീലിയയുടെ സഹോദരൻ. പോളിനിയസ്സിന്റെപുത്രൻ.

അഴലിൽ

അഥവാ

ഹാംലററ്.

(മഞ്ജരി)

I

കാറുകൾമാറിയില്ലാകാശവീഥിയിൻ-
മ്ലാനത നീങ്ങിയില്ലെന്തുകൊണ്ടോ?
അക്കരിംഭൂതങ്ങളുക്കൻതൻചുററുമായ്,
വെക്കമെണഞ്ഞുകൊണ്ടുൾപ്രകാശം;
ഭൂമിയിലെങ്ങുമൊരേടത്തും നല്കീല;
ലോകത്തിനന്ധത്വമായിപ്പോയി.
വാനിൻെറ രാജാവെന്നൽഘോഷിച്ചുക്കഴെ-
കുഗ്രനായ് സഞ്ചരിച്ചീടുകയായ്;
ഇദ്ദിനമാദിത്യനിന്നിയുദിക്കില്ലെന്നു-
ച്ചത്തിൽക്കൂകിനാർ ജംബുകങ്ങൾ.
ക്രൂരിരുട്ടെന്നോടു നോക്കക്കേവേണ്ടെന്ന-
മട്ടിലായ് മിന്നാമിനുങ്ങുകളും;
കാര്യക്കാരെന്നോരു മുഷ്ക്കാട്ടുമൂങ്ങകൾ,
മൂളിമഹാരാജസന്നിധിയിൽ;
ഉണ്ടായൊരക്രമവിക്രിയയോരോന്നി-
ലിണ്ടലാൽനോക്കീലനക്ഷത്രങ്ങൾ.

ഡന്മാൎക്കിൻരാജാവുഹാംലററുനീതിയോ-
ടന്നാട്ടവാഴുന്നകാലംതന്നിൽ,
മന്നവസോദരൻക്ലോഡിയസ്ദുൎമ്മോഹാൽ
ജ്യേഷ്ഠന്റെ രാജ്യവും ജീവിതവും,
ഒപ്പമപഹരിച്ചെന്നതന്നല്ല,തൽ,
പത്നിയെ-പത്നിയായ്സ്വീകരിച്ചു.
കണ്ണീർപൊഴിച്ചിതിൽവാനമാംമുഗ്ദ്ധയും
ഹാംലററാംരാജകുമാരനൊപ്പം.

അച്ഛൻതന്നച്ഛമാംനാമത്തിൻവ്യക്തിത്വം
മെച്ചമറിഞ്ഞോരാരാജസൂനു,
തൻപിതാവിന്റെമരണവും,മാതാവിൻ
രണ്ടാംവിവാഹവും,ഹൃത്തടത്തിൽ
അമ്പുകളേല്പിച്ചു ദുഃഖത്തിൻതീവിഷം
ഊററിയൊഴിച്ചിതുപാത്രമോടേ.
ഉണ്ടായില്ലാശ്വാസം ഹാംലററിന്നാളിൽ
അശ്വത്ഥിലേറിട്ടുള്ളായസത്തിൽ.
പച്ചപ്പുൽമെത്തവിടത്തിട്ടല്ലബ്ഭൂമി
കട്ടിക്കരിങ്കൽനിറഞ്ഞിരുന്നു.
സൌരഭ്യവാഹിയാംപുഷ്പങ്ങളേപ്പേറി
രാജിക്കുംനൽചെടിവൃന്ദങ്ങളെ;
ഞെക്കിഞെരുക്കിക്കീഴാക്കീട്ടപൊക്കത്തിൽ
കാട്ടുചെടികൾ വളൎന്നിരുന്നു.
വാർമഴവില്ലിന്റെ വൎണ്ണവിശേഷമാം;
വാരുററാരംബരസ്വച്ഛതയോ;

പിഞ്ചുകതിരോൻെറയാർദ്രമാംശോഭയോ;
നിർമ്മലവെണ്മതി സുസ്മിതമോ;
കണ്ടിരുന്നില്ലവിടെല്ലാം നിശീഥിനി—
ക്കൊണ്ടൽനിരന്നുനിറഞ്ഞിരുന്നു.
പൈങ്കിളിപ്പൈതലിന്നിമ്പമാംകൊഞ്ചലോ;
പൂങ്കുയിൽപഞ്ചമനിസ്വനമോ;
കേട്ടിരുന്നില്ലവിടെപ്പോഴും രാപ്പാടി—
ക്കൂട്ടർതൻ ക്രന്ദനമായിരുന്നു.
ജീവിതമാകുന്ന ഭീകരഭാണ്ഡവും
പേറിക്കൊണ്ടാബാലൻ നിന്നുഴന്നു.

സൽഗുണരത്നങ്ങൾക്കാധാരദേശമായ്,
സൽപ്രജാസഞ്ചയഭാഗ്യമായി,
രാജ്യം ഭരിച്ചുമ്പിൽ കീർത്തിപരത്തിയ—
രാജേന്ദ്രനായൊരു തൻപതിയെ,
മാനസവേദിയിൽനിന്നു ബഹിഷ്കരി—
ച്ചാ,രാജ്യദ്രോഹനെ—കല്മഷനെ,
നീചകൃത്യങ്ങൾ നിസ്സംശയംചെയ്യുന്ന
പ്രേമവിഭ്രാന്തനെ—നിഷ്ഠുരനെ,
രണ്ടുമാസത്തിനുമിപ്പുറംഭർത്താവായ്
കൊണ്ടുകൊണ്ടാരാജസ്ഥാനംതന്നിൽ.
റാണിയായ് വാഴുന്നതന്നുടെയമ്മയെ
ചിന്തിച്ചുഖേദിച്ചാനക്കുമാരൻ.
പാരംകറുത്തോരു വസ്ത്രങ്ങൾകൊണ്ടവൻ
കായംമറച്ചു വസിക്കയായി.

ECCLESIASTICA

ആരാമനിദ്രയിൽസൎപ്പത്തിൻദംശത്താൽ
രാജാവു മൃത്യുവാണ്ടെന്നവാൎത്ത,
ഉച്ചത്തിൽ ദിങ്മുഖമുച്ചരിച്ചന്നാളിൽ
തന്നോടുമാത്രമായ്ചോദിച്ചേവം.
"എൻവന്ദ്യതാതനെ നിർദ്ദയംകൊത്തിയ
ഘോരമാംസൎപ്പമിക്ലോഡിയസ്സോ?
വാസ്തവമെങ്കിലെന്നച്ഛനെക്കൊല്ലുവാ—
ന്നമ്മയും പ്രേരണനല്കിയേക്കാം."

അന്നത്തെവസ്ത്രവുംരൂപവുംകൈക്കൊണ്ടു—
മന്നനെക്കണ്ടുകൊണ്ടിണ്ടലോടെ
കൊട്ടാരമുൻവശവീഥിയിൽ, രാത്രിയിൽ,
പട്ടാളക്കാർ ചിലരമ്പരന്നു.
ഹാംലറ്റുരാജാവുതന്നെയാണായതെ—
ന്നുള്ളൊരുബോധത്താൽകൈകൾകൂപ്പി.
എന്തോചിലതൊക്കെച്ചൊല്ലുവാനുണ്ടെന്ന
ഭാവത്തിൽനിന്നു; മറഞ്ഞുസത്വം.

പട്ടാളക്കാരിൽനിന്നീവാൎത്ത കേട്ടിട്ടു
ഭൂതത്തെക്കാണുവാനെന്നമട്ടിൽ,
രാജകീയാലയപാൎശ്വസ്ഥപാതയിൽ
രാജകുമാരകൻകാത്തിരുന്നു.
ഹൊറേഷ്യോ,മാർസിലസ്സെന്നീവയസ്യരൊ—
ത്തന്നിശാമദ്ധ്യത്തിൽദത്തശ്രദ്ധം.

അച്ഛൻെറയാത്മാവിൻപ്രത്യക്ഷതേൻന—
മിച്ഛപോലുണ്ടായവേളയിങ്കൽ,
അത്ഭുതഭീതിസംഗ്രസ്തനായോ! ക്കകി
ലാരുതാനീവിധമാകയില്ല.?
"ദൈവമേ! യാപത്തിൻഗത്തത്തിലാണ്ടോരീ—
പാവത്തെ നീതന്നെ രക്ഷിക്കണേ."
എന്നങ്ങു പ്രാത്ഥിച്ചു ധൈയ്യംസമാജ്ജിച്ചു
തൻസുതമുഗ്ദ്ധമുഖാരവിന്ദം,
വീക്ഷിച്ചു ഭൂതത്തിൻവാത്സല്യഭാവങ്ങൾ
ഉൽഫുല്ലമായിതുതൽക്ഷണത്തിൽ.

"എൻതാതാ! രാജാവേ ഞങ്ങളന്നങ്ങയെ
വച്ചുയഥാവിധി കല്ലറയിൽ
ഇന്നിപ്പോളസ്ഥലംവിട്ടിട്ടിതേവിധം
ഇങ്ങാഗമിക്കുവാനെന്തുബന്ധം?
നിത്യശാന്തിക്കിവനെന്തൊന്നുചെയ്യേണ്ടു
നിത്യവും ശുദ്ധനായ്ജീവിച്ചോനെ."

പുത്രനോടെന്തോകഥിച്ചുവനാംഗ്യത്താൽ
പുത്രനുംനിർദ്ദേശംസ്വീകരിച്ചാൻ.
സ്നേഹിതർതൻസവിധത്തിൽനിന്നേകനായ്
മാറിയൊരെടത്തുചെന്നുനിന്നു.
പൈതൃകാത്മാവുതൻസൂനുവോടായഹോ
ചൊന്നിതുതന്നുടെ വൃത്താന്തങ്ങൾ.
"ഞാനന്നങ്ങാലസ്യംപൂണ്ടുപൂങ്കാവിങ്കൽ
പൂകിയുറങ്ങിടുംനേരത്തിങ്കൽ

ദുഷ്ടപ്രമത്തനാംക്ലോഡിയസ്‌തന്നുടെ
ഇഷ്ടനാംഭൃത്യനൊരുവനെത്തി
ഒട്ടുമേകാരുണ്യമില്ലാതെൻകർണ്ണത്തിൽ,
കഷ്ട!മൊഴിച്ചുവിഷദ്രവങ്ങൾ.

മൃത്യുവിൽപെട്ടുമരവിച്ചുദേഹവും
വെള്ളമൊഴിച്ചോരുകൊള്ളിപോലെ;”

എന്നതു നന്നായിബോധിച്ചുബാലനോ-
ടന്നേരംതാതനുരച്ചിവണ്ണം.
“എൻസുതാ! ഹാംലറ്റ! നിൻപിതൃഘാതകൻ
വൻചതിയേലുന്ന ക്ലോഡിയസ്സാം.

അല്പവുംഭക്തിനിനക്കെന്നിലുണ്ടെങ്കിൽ
മൽപ്രിയസൂനുവെൻസോദരനെ

വെക്കംവധിച്ചുപ്രതിക്രിയചെയ്യുക;
ലോകവും സത്യമറിഞ്ഞിടട്ടെ.

കഷ്ടം നിൻമാതാവ് ഭർത്താവിന്നപ്രിയം
സൃഷ്ടിച്ചു; ദൈവം ക്ഷമിച്ചീടട്ടെ!

സത്യമാം സ്നേഹമതൊന്നേവിജയിക്കു;
മത്ത്യൻെറ മുക്തിക്കൊരുററമാർഗ്ഗം.

ലോകത്തിനപ്പുറം ഭാഗ്യത്തിലെത്തിക്കും
സംസാരസാഗരനൗകം സ്നേഹം!!

അദ്ദിവ്യമാണിക്യം നിന്നുടെമാതാവു
കൈക്കൊണ്ടിടാത്തതു് കഷ്ടംതന്നെ.

എന്നാലവൻനിൻെറ മാതൃപദമതു
മുന്നമെടുത്തുകൊണ്ടുമേലിൽ

ഒന്നുമേയന്ന്യായം ചെയ്കവേണ്ടെൻകുഞ്ഞേ
നന്നായ്ധരിക്കയിവററയെല്ലാം."

അച്ഛൻെറ കല്പനക്കെല്ലാളംവ്യത്യാസം
കൂടാതെചെയ്തിടാമെന്നു പുത്രൻ
ധീരതയോടുരച്ചീടവേയബ്ഭുതം.
വേഗംമറഞ്ഞിതവിടെനിന്നും.

താതൻെറയാജ്ഞകൾപൂൎണ്ണമായ്ചെയ്യുവാൻ,
തന്നുടെനിശ്ചയം പൂൎത്തിയാക്കാൻ;
എന്തെന്തുകൌശലമെന്നുവിരവോടു
ചിന്തിച്ചുചിന്തിച്ചുകേണുബാലൻ.

"അസ്ഥിരചിത്തനായ്തീരുമോബാലകന,-
സ്ഥിതികഷ്ടമേകഷ്ടമാകും!"
ഇഷ്ടരാംകൂട്ടുകാർപോലുമീസംശയം
പുഷ്ടമായ്ബാധിച്ചുമേവുംകാലം
അവ്വണ്ണംതാനങ്ങുഭിനയിക്കാമെങ്കിൽ
ചൊവ്വാകും, സംശയംതെല്ലുമില്ല.
ഇമ്മട്ടിൽചിന്തിച്ചുഭ്രാന്തുനടിച്ചുകൊ-
ണ്ടന്നാട്ടിലെല്ലാടമ സഞ്ചരിച്ചു.

രാജാവുംരാജ്ഞിയുമപ്പടിലോകരും
സംശയിച്ചു"സ്ഥിരചിത്തൻബാലൻ;
എന്തിതിൻബന്ധംതാനിന്നീസ്വപ്രജ്ഞനുവിൽ
ഭ്രാന്തിതിമ്മട്ടിലുണ്ടായീടുവാൻ?

അഛ്ഛനാം രാജാവിൻദുർമൃതിയോർത്തിട്ടോ;
ഒഫീലിയോടുള്ള പ്രേമംകൊണ്ടോ;
മന്ത്രിപ്രവീണൻെറപുത്രിയെയോർത്തെങ്കിൽ
പോളിനിയസ്സെസ്സുമുള്ളകില്ലേ?”
നാട്ടാർതൻസംശയമുണ്ടായനാൾതൊട്ടു
ഹാംലററു പ്രേമമേഭാവിച്ചില്ല.
അസ്വസ്ഥചിത്തതകൊണ്ടുതാനിങ്ങനെ
വർത്തിച്ചുഭർത്താവെന്നായവളും.

ഭ്രാന്തുനടിച്ചുനടക്കവെ കത്തവൻ
ഒഫീലിയാവിൻപേർക്കൊന്നയച്ചു.
നാഥയോടുള്ളോരു പ്രേമത്തിൻവാക്യവും,
ചേർച്ചയില്ലാത്തുള്ള കാര്യങ്ങളും,
കണ്ടിട്ടുമന്ത്രിയുംരാജ്ഞിയുംരാജാവും
ചിത്തഭ്രമത്തിൻെറ കാരണങ്ങൾ
പ്രേമത്താലുള്ളതെന്നല്ലാതെയന്നവർ
ചിന്തിച്ചതില്ലമറെറാന്നുപോലും.

ഹാംലററിന്നുള്ളിലെ നിശ്ചയമഛ്ഛൻെറ
ആജ്ഞനിറവേററാനായിരുന്നു.
രാജാവിൻസേവകരെപ്പോഴുംകൂട്ടത്തിൽ
ഹാജരുണ്ടായിരുന്നായതിനാൽ,
ഉദ്ദേശസിദ്ധിക്കു സന്ദർഭംകിട്ടീല
രാജ്ഞിതൻകാന്തനോടൊത്തുനില്ക്കെ.
“അമ്മതൻസന്നിധിചെന്നുകൊണ്ടോ, ദുഷ്ട-
രാജവധംനടത്തീടുകയോ;

അങ്ങനെചെയ്തീടിലമ്മതാൻവന്നങ്ങു
സമ്മതിക്കാതിരുന്നിടുകില്ലോ;
താനനുകണ്ടതാമാത്മാവുപൂർണ്ണമായ്
താതന്റെയെന്നതുവാസ്തവമോ;
ദുഷ്ടനാമാത്മാവുവൻചതിചെയ്തെന്ന
കഷ്ടംകബളിപ്പിച്ചീടുന്നതാമോ;
ആയതുനേരെങ്കിൽനീചവധംചെയ്‌വാ-
നീയിവനുദ്യുക്തനായീടാമോ;
ചെയ്‌വതുചിന്തിച്ചുവേണ്ടതാണെ”ന്നോർത്തു
രാജകുമാരകൻകാലംപോക്കി.

II

[ഒരു നാടകക്കാർവന്നു് ട്രോയിരാജ്യത്തെ രാജാവു് ‘ഹെക്യൂബ’ എന്ന നായികയുമായി പ്രേമാർപ്പണംചെയ്ത നാടകം അഭിനയിക്കുന്നു. കരുണരസപ്രദ്യോതകമായ നാടകഭാഗശ്രവണമാത്രയിൽ കണ്ണുനീരു വഴിഞ്ഞൊഴുകിയ ഹാംലെറ്റുരാജകുമാരൻ താൻ രചിച്ച ഒരു നാടകം അഭിനയിക്കാൻ ആവശ്യപ്പെട്ടതനുസരിച്ചു് അതു് അഭിനയിക്കുന്നു. കഥാനായകൻ ഗോൺസാഗോ ബാപ്റ്റിസ്റ്റായെ കാമിനിയായി തിരഞ്ഞെടുക്കുന്നതും ബാപ്റ്റിസ്റ്റാ പുനർവിവാഹം ചെയ്യുന്നതല്ലെന്നു ഭർത്തൃസന്നിധിയിൽ പ്രതിജ്ഞചെയ്യുന്നതും ലൂഷ്യാനോസ് ഗോൺസാഗോയെ തോട്ടത്തിൽവച്ചു് ഉറങ്ങിക്കിടക്കുമ്പോൾ ചെവിയിൽ വിഷദ്രവം ഒഴിച്ചു വധിക്കുന്നതും, നാടകംകാണ്മാൻ രാജാവും റാണിയും പോയിരിക്കുന്നു രംഗം]

"എന്നുടെജീവിതനായകാഗോൺസാഗോ
നിന്നെഞാനെന്നുമേയാരാധിപ്പൂ.
നീയൊരുനാളിൽനിൻനാഥയേവേർപെട്ടു
ജീവൻവെടിഞ്ഞിടുംകാലംതന്നിൽ
മറെറാരുമർത്ത്യനെഭർത്താവതാക്കിടാ
മററുമതിനൊട്ടുംപേടിവേണ്ടാ.
പിന്നീടുമറേറാരുദാമ്പത്യജീവിതം
ഉന്നയിച്ചീടുന്ന നീചനാരി;
പൂർവ്വഭർത്താവിനെ വിസ്മരിച്ചീടുന്ന
ക്രൂരകൃത്യംചെയ്തിടുന്നോളല്ലോ."

ജീവിതസ്പൃശ്മാം സംസാരമിമ്മട്ടിൽ
കേട്ടിട്ടുവൈവർണ്ണ്യബാധയോടേ
ദുഷ്ടനാംലൂഷിയാനസ്സു ഗോൺസാഗോതാൻ
തോട്ടത്തിൽനിദ്രചെയ്യുന്നനേരം
കാളക്കൂടത്തിൻെറതീവ്രതയോലുന്ന
കാകോളമൂററിവധിച്ചകൃത്യം
കണ്ടപ്പോൾമുൻചെയ്ത കർമ്മത്തിൻസാമ്യത്താൽ
വെമ്പലാൽ രാജാവും റാണിതാനും-
ശേഷമുള്ളകഥകാണുവാനപ്രാപ്തി
പൂണ്ടുകൊണ്ടസ്ഥലം വിട്ടുപോയി.

രാജാവുപോയപ്പോൾനാടകംതീർന്നുപോയ്;
കാണികൾനിന്നീലപിന്നവിടെ.
കാര്യംഗ്രഹിച്ചൊരുരാജകുമാരകൻ
വീര്യപ്രബുദ്ധനായ് വിട്ടുരംഗം.

ഒട്ടലിനാളുകൾക്കകം അമ്മരാജ്ഞിതാൻ
കൊട്ടാരത്തിൽനിന്നുഹാംലെററിനെ
വന്നുക്ഷണിച്ചു രാജാവിൻനിർദ്ദേശാ-
ലെന്തോസംഭാഷിപ്പാനായിരുന്നു.

“ഹാംലെററ്!യെൻപുത്രാ! നിൻറെനടത്തക-
ളച്ഛനപാരമതൃപ്തികരം.
ആയവനല്പവും സങ്കടമേലാതെ
വേഗമവയെവെടിഞ്ഞാലുംനീ”
“അച്ഛനെക്കൊന്നോനെന്നച്ഛനോ ചൊല്ലുക?
നിശ്ചയമായൊന്നറികവേണം.
അച്ഛനെക്കൊന്നോനെബ്ഭർത്താവായ്സ്വീക-
രിച്ചൊത്തുവസിക്കുന്നനാരിയാണോ?
അമ്മയെന്നുള്ളതാംപുണ്യമാകുംനാമം
നിണ്ണയമിങ്ങുധരിച്ചിടുന്നോൾ”
കാര്യത്തിൻഗൗരവംകേട്ടുസഹിയാതെ
‘ഗെർട്ട്റൂഡ്’പോകാനൊരുങ്ങുന്നേരം,
ഹാംലെററുമെല്ലെത്തടുത്തുകൊണ്ടോരോന്നു
മമ്മത്തിൽകൊള്ളുമാറുച്ചരിച്ചാൻ.

തങ്ങളിലുള്ളസംഭാഷണംകേൾക്കുവാ-
നങ്ങൊരുകോണിലൊളിഞ്ഞിരുന്ന
മന്ത്രിയാം‘പോളിനിയസ്സ്’തന്നേരത്തു
“രാജ്ഞിയെരക്ഷിക്ക”യെന്നുൽഘോഷിച്ചു.
ശബ്ദത്തിനുത്ഭവംരാജാവിൽനിന്നെന്നു
തെററിദ്ധരിച്ചാശു ഹാംലെററുതാൻ

നിസ്വനമുൽഗമിച്ചസ്ഥലംലാക്കാക്കി
കുത്തിനാൻകൈയിലെവാളിനാലെ.
ആത്തനിനാദമൊന്നായതിൻപൂത്തിയിൽ
കേൾക്കായിവന്നിതുനാലുപാടും.
വാൾതിരിച്ചൂരുന്നനേരത്തുമാനസം
നീറുമ,ക്കാഴ്ചയിൽ ശാന്തം! പാപം!!

"ഹാംലററ! നിൻടെകമ്മമിതെത്രയും
സാഹസം; സന്ദേഹമില്ലതെല്ലും."
"അമ്മതാൻചെയ്തതാമത്യുഗ്രതെററില്ല-
മിമ്മകൻചെയ്തതുക്രൂരമെന്നോ?"
കാണിച്ചചിത്രം തന്നച്ഛൻെറ ധം; പിന്നെ
വാണിടുംരാജാവാംദുഷ്ടൻെറയും;
ഞെട്ടിപ്പോയ് രാജ്ഞിയാളക്കാഴ്ചകണ്ടട-
നമ്പുകളേററിടുമേണംപോലെ.
വന്നതാമച്ഛൻെറയാത്മാവിൽനിന്നവർ
ഖിന്നതയോടേവംകേട്ടുകൊണ്ടാർ.
"എന്തിത്രതാമസംഞാനന്നുചൊന്നപോൽ
നീചനാംരാജനെനിഗ്രഹിക്കാൻ"
കാണാതെയാരെയുംകേൾക്കുകകാരണം
സ്തംഭിച്ചുനിന്നുപോയ് മാനിനിയാൾ.
"എങ്കിലുമസ്ഥിരബുദ്ധികൊണ്ടീയിവൻ
വല്ലതുംചൊല്ലുകയെന്നുമാകാം."
അമ്മതാനിങ്ങനെചൊന്നതുകേട്ടുള്ളാ-
രമ്മകനേവമുരച്ചാനപ്പോൾ.

"അമ്മതൻതെററല്ലയിന്നിതിൻമൂലമെ-
ന്നിമ്മകൻതന്നുടെഭ്രാന്താണെന്നും,
ചൊല്ലുവതെത്രയുംഹീനതരമാണെ-
ന്നല്ലേധരിക്കേണ്ടൂ? നിഷ്പ്രയാസം!
ചെയ്തുതെറെറന്നു ബോധിച്ചുദൈവത്തിൽ
ആശ്രയിച്ചീടുകസാമ്പ്രതംനീ.
ശ്രേഷ്ഠനാമിന്നത്തെ രാജാവിൻബന്ധവും
തുഷ്ടിയോടങ്ങുപേക്ഷിക്കവേഗം.
ധ്യാനവും നിർമ്മലതാപവും നിന്നുടെ
മാനസതാരിലുദിച്ചീടട്ടെ!
അന്നമ്മയെന്നുടെ പാവനമാതാവെ
ന്നുള്ളൊരുസ്ഥാനമലങ്കരിക്കും."

സത്വരം റാണിപോയപ്പോഴേ ഹൃത്തടം
പൊട്ടിത്തകൻ കണ്ണാടിപോലെ
പ്രാണപ്രേയസിയാ'മൊഫീലിയാ'തൻെറ
താതനെയാണല്ലൊ താൻ വധിച്ചു.

ഭാഗം III

ദുഷ്ടകർമ്മങ്ങൾ തൻസാക്ഷിയായ്ക്കണ്ടേ,നു
രുഷ്ടനായാഴിയിലാണ്ടു സൂര്യൻ.
പത്രങ്ങൾ വെമ്പിവിറച്ചങ്ങുനില്ക്കുമ്പോൾ
പക്ഷികൾ കോടരമേറിപ്പാർത്താർ.
"കൊത്തിച്ചുടുക"യെന്നതാനും പക്ഷികൾ
മത്തനാം മർത്ത്യനോടുച്ചരിച്ചു.

ക്രൂരനാം രക്ഷസ്സിൻ കാർപടംപോലെങ്ങും
മൂടിമയക്കിനാൻ ക്രൂരിരുട്ടും.
"ചിന്തിച്ചു യുക്തംപോൽ ചെയ്യട്ടെ ബാലനി"
ച്ചിന്തയിൽ നിദ്രയൊഴിഞ്ഞുമാറി.
പോളിനിയസ്സിനെക്കൊന്നതിൻ ശിക്ഷയായ്
നാടുകടത്തുവാനാജ്ഞയേകി,
സേവകരോടൊത്തുപോകുവാൻ രാജാവു
വിട്ടേതമാത്രയിൽ ഹാലറ്റിനെ.

തന്നെവധിക്കേണ്ടുംകായിതംകണ്ടതിൽ
തന്റെപേർ മാറ്റി ഭൃത്യന്റേതാക്കി,
ഒട്ടിച്ചുമുദ്രവച്ചസ്ഥലംതന്നിലേ
ഇട്ടിരുന്നാ നൃപപുത്രോത്തംസം.

കൊള്ളക്കാർ തന്നുടെ കപ്പലോടേറ്റുട-
ങ്ങളിൽക്കേറിക്കടന്നു ധീമാൻ.
പെട്ടെന്നുവിട്ടുപോയ് സേവകരെല്ലാരും
കൂട്ടരായ് കൊള്ളക്കാർ മാത്രമായി.
രാജകുമാരനാണെന്നറിഞ്ഞായവർ
ഡന്മാർക്കിൻതീരത്തുകൊണ്ടിറക്കി.

എത്തിനാൻ ക്ഷിപ്രമക്കൊട്ടാരംതന്നിലും,
പ്രേയസിതന്നുടെയന്തികത്തും;
പോളിനിയസ്സിന്റെ നിര്യാണഹേതുവാ
ലസ്ഥിരചിത്തയാമൊഫീലിയാ
ഭർത്താവിന്നക്രമമോർത്താർത്തഴലാൻ
കർത്തവ്യമൂഢയായ് സംഭ്രമിച്ചാൾ.

കൊട്ടാരസ്സീമയിലസ്സരസ്സൊന്നതിൽ
ചാഞ്ഞുകിടന്നൊരുദാരുവിന്റെ
ശാഖയിലേറിനൽപ്പൂക്കൾകൊരുക്കുമ്പോൾ
വീണുപോയാളത്തടാകംതന്നിൽ.
വസ്ത്രംനനഞ്ഞവ തന്നുടെ ഭാരത്താ
ലിണ്ടലോടൊത്തവൾതാണുപോയി.
അന്നുതാൻ നിന്നുപോയ് പ്രേമത്തിൻഗാനവും
താതവിയോഗത്തിൻസന്താപവും.
കണ്ണീർപൊഴിച്ചിതു ഖിന്നയായാകാശം
ശോകഗാനം പാടിവാനമ്പാടി.
മിന്നിവിറച്ചിതു താരകാവൃന്ദവും
വിങ്ങിക്കരഞ്ഞുപോയ് മിങ്നാരിയും.

പ്രാണസമാനയക്കല്പരതന്നിലേ—
ക്കാനയിക്കുന്നതാം നേരത്തിങ്കൽ.
ചെന്നുചേർന്നപ്പോഴേ ഹാംലെററുംപിന്നെയാ
പ്രേമവിശ്രുതയെയോർത്തുകേണു.

കല്പരസ്സുള്ളിലിറക്കമാദേഹത്തോ—
ടൊപ്പമായ് ചാടി തൽസോദരനും
ജീവൻ ത്യജിപ്പാനും സന്നദ്ധമായൊരാ
സോദരസ്നേഹമേ! വെൽവുതാക!
നിന്നുടെ പേരിനിതങ്കലിപികളാൽ
മിന്നിത്തിളങ്ങട്ടെ! മന്നിടത്തിൽ.

കാമുകനിത്രയും പ്രേമമുണ്ടായില്ലെ—
ന്നാമയമോർത്തിട്ടു തൽക്ഷണം താൻ

ചാടിയിറങ്ങിനാൻ ഹാംലററുമപ്പോഴേ
സോദരൻ ക്രോധിച്ചുചൊൽകയായി.
"സോദരിതന്നെയും താതനെത്തന്നെയും
കൊന്നവനെയിന്നുവിട്ടിടാമോ"
ചാടിപ്പിടിച്ചതുനേരമപ്രേക്ഷകർ
മാററിനിറുത്തിയാരണ്ടുപേരെ.

തന്നുടെകാര്യത്തിനീ'ലിയാർട്ട്സ്'കൊള്ളാ
മെന്നുനിനച്ചതിബുദ്ധിപൂർവ്വം
"രണ്ടുപേർതമ്മിൽ പോരാടിജയിക്കുക
വേണ്ടതാണെ"ന്നു വിധിച്ചുമന്നൻ."

മല്ലർതൻപോരാട്ടംകാണുവാനാളുകൾ
വന്നുതാതങ്കണവേലിതന്നിൽ.
ആദ്യപ്രയോഗത്തിൽ ലിയാർട്ട്സ്നേടിനാൻ
രാജാവിന്നുൾക്കളം മോദിച്ചപ്പോൾ.
കോപിച്ചുലിയാർട്ടുവെട്ടിയവാൾവാങ്ങി
ഊക്കോടെ വെട്ടിനാൻ ഹാംലററുതാൻ
രാജാവിൻ നിർദ്ദേശാലുഗ്രവിഷം തേച്ച
വാളിൻെറ ശക്തിയാം വെട്ടിനാലെ
തീവ്രമായ്കേണുകൊണ്ടു ഘോരകൃത്യത്തിൻ
മാപ്പപേക്ഷിച്ചു മരിച്ചുവീണു.
ദുഷ്ടമർത്ത്യരുടെ പ്രേരണമൂലവും
കഷ്ടം മരിക്കുന്നുബുദ്ധിഹീനർ

"അയ്യോ! ഞാൻ കാളുന്നോരുഗ്രവിഷം കുടി-
ച്ചാതങ്കമേറിമരിക്കുമിപ്പോൾ."

എന്നുവാവിട്ടു ഓലിച്ചോതുരാജ്ഞിയു-
മപ്പോഴെ വീണുമരിച്ചു! ചിത്രം!!!

അവ്വിഷം പോരാടിനേടിയാൽ ഹാംലററി-
നുള്ളതാമൊന്നുതന്നായിരുന്നു.

ക്രൂരകർമ്മങ്ങൾക്കു കൂട്ടുവഹിപ്പോരും
ഘോരമാമാപത്തിൽ ചാടുമല്ലോ.

കാര്യങ്ങൾ നന്നായറിഞ്ഞൊരു ഹാംലററും,
തീക്ഷ്ണമാം വാളെടുത്തോടിയെത്തി

രോഷപ്രകർഷത്താൽ മന്നനെ വെട്ടിയാ
മന്നിടെ വീഴ്ത്തിയതത്ഭുതംതാൻ!!

പാതകമോരോന്നാൽ മൂർച്ഛകൂട്ടിസ്സ്വയം
വാൾകൊണ്ടു വെട്ടിമരിപ്പൂനരൻ

മുന്നമേ കിട്ടിയ വെട്ടിനാൽ തന്നെയി
സ്സ്നേഹിതൻ ചാകുമെന്നോർത്തുവേഗം,

തന്നെത്താൻ വെട്ടിമരിക്കാൻ ശ്രമിക്കുന്ന
ഹെറോഷ്യയോടു ഹാംലററുരച്ചു.

“എന്നുടെ സ്നേഹിതാ നിന്നുടെ ജീവനെ
യില്ലായ്മചെയ്യരുതിസ്സമയം.

ലോകമറിയണമിക്കഥതന്നുടെ
വാസ്തവമപ്പടിയെങ്കിലോ താൻ

ജീവിച്ചിരിക്കും നീ സൽപാഠമത്രയും
ലോകർക്കു വ്യക്തമാക്കീടും ഭദ്രം.”

വാക്കുകൾ തിന്നുകഴിഞ്ഞുപോയ് ഹാംലറ്റും
വീണുപോയ്! ചേതനയറ്റു! മണ്ണിൽ.!!
പാതകങ്ങൾക്കു പകരം വീട്ടുന്നതും
പാതകമായിവന്നീടും ദൃഢം.

DHARMARAM LIBRARY

BANGALORE-560 029

Due Date	Due Date	Due Date

DC Library
00004202
T61 M99

അഴലിൽ

By

. എസ്സ്. മുട്ടത്തുപാടം.

T61
M99